"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ എഴുപുന്ന ഗ്രാമ പഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീമതി.ലയമോൾ.കെ.ജെ യുടെ ഐ.വി.എഫ് സംബന്ധമായ ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2024/LSGD തീയതി,തിരുവനന്തപുരം, 03-01-2024

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. G.O(P)No.144/2013/H&FWD dated 22/04/2013.
3. G.O(P)No.8/2017/H&FWD dated 10/02/2017.
4. ശ്രീമതി.ലയമോൾ.കെ.ജെ യുടെ 27.06.2022-ലെ അപേക്ഷയും ബില്ലുകളും.
5. പ്രിൻ സിപ്പൽ ഡയറക്ടറുടെ 24.04.2023- ലെ LSGD/PD/7187/2023-DEG 1നം. കത്ത്.
6. എഴുപുന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05.08.2022-ലെ 2/1 നമ്പർ തീരുമാനം.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.02.2023-ലെ (എൽ.ഡിസ്) എം.ആർ 3-52576/2022/ ആ.വ.ഡ നം. കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ എഴുപുന്ന ഗ്രാമ പഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീമതി ലയമോൾ . കെ . ജെ യുടെ ഐ . വി . എഫ് സംബന്ധമായ ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ ആശുപത്രിയിൽ നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർ ശം (7) പ്രകാരം പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,50,000/- രൂപ (ഒരു ലക്ഷത്തി അൻ പതിനായിരം രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം ( 5 ) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ തുക എഴുപുന്ന ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (6) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ എഴുപുന്ന ഗ്രാമ പഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീമതി.ലയമോൾ.കെ.ജെ യുടെ ഐ.വി.എഫ് സംബന്ധമായ ചികിത്സയ്ക്ക് 09.12.2021 മുതൽ 09.05.2022 വരെ മൂവാറ്റുപുഴ സബൈൻ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരുന്ന 1,50,000/- രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം), നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ എഴുപുന്ന ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, ആലപ്പുഴ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, എഴുപുന്ന ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.

ശ്രീമതി.ലയമോൾ.കെ.ജെ, ക്ലാർക്ക്, എഴുപുന്ന ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.281/EPA3/2023/LSGD).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 03-01-2024 11:08:56
സെക്ഷൻ ഓഫീസർ